## ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിദ്ധ്യം : സഫ്ന നസറുദ്ദീൻ, ഐ .എ .എസ്)

വിഷയം : തൊഴിൽ വകുപ്പ് -1953 ലെ മിനിമം വേതന ചട്ടങ്ങൾ - വേനൽക്കാല പശ്ചാത്തലത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം പുനക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന : 1953 ലെ മിനിമം വേതന ചട്ടങ്ങൾ

**ഉത്തരവ് നമ്പർ LCO/667/2026-EN(2) തീയതി : 13-02-2026**

**കേരളത്തിൽ** വേനൽക്കാലം ആരംഭിക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുന്നതുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യമുണ്ട്. ആയതിനാൽ പൊതുജന താല്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ, ചട്ടം 24, 25-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2026 ഫെബ്രുവരി 13 മുതൽ മെയ് 2 0 വരെ താഴെ പറയുന്ന രീതിയിൽ പുന:ക്രമീകരിച്ചുകൊണ്ടും ആയതിൻ പ്രകാരം പരിശോധനാ ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. പകൽ സമയം വെയിലത്ത് ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ വിശ്രമവേളയായിരിക്കും ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി വരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂറായി നിജപ്പെടുത്തുന്നു. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രാവിലത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിക്കുന്ന തരത്തിലും ഉച്ചയ്ക്ക് ശേഷമുള്ള ഷിഫ്റ്റ് വൈകുന്നേരം 3.00 മണിക്ക് ആരംഭിക്കുന്ന തരത്തിലും പുനക്രമീകരിക്കുന്നു.
2. സമുദ്രനിരപ്പിൽ നിന്ന് 3,000 അടിയിൽ കൂടുതൽ ഉയരമുള്ള സൂര്യാഘാതത്തിന് സാദ്ധ്യതയില്ലാത്ത മേഖലകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു.
3. പ്രാദേശികമായ ഏതെങ്കിലും അടിയന്തിര സാഹചര്യത്തിൽ ടി ഉത്തരവ് പ്രകാരമുള്ള കാലയളവിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയത് സംബന്ധമായ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ / ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ ലേബർ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്
4. ജില്ലാ ലേബർ ഓഫീസർ / പ്ലാന്റേഷൻ ഇൻസ്പെക്ടർ എന്നിവർ ഈ ഉത്തരവ് നടപ്പിലാക്കി ആയത് സംബന്ധിച്ച പ്രതിദിന വിവരങ്ങൾ നിശ്ചിത മാതൃകയിൽ Google spreadsheet-ൽ അതത് ദിവസം വൈകുന്നേരം 4.30 മണിക്ക് മുമ്പായി upload ചെയ്യേണ്ടതും **(https://docs.google.com/spreadsheets/d/1vyp726r-inFu5oAw5sQmnjXJREildmNRbKahcBAEURo/edit?usp=sharing)** മേൽ വിവരങ്ങൾ എല്ലാ ജില്ലാ ലേബർ ഓഫീസർമാരും പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും Google spreadsheet-ൽ യഥാസമയം രേഖപ്പെടുത്തുന്നുണ്ടെന്ന് അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
5. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ തൊഴിൽ മേഖലകളിൽ നടത്തുന്ന **പരിശോധനകളോടൊപ്പം കൺസ്ട്രക്ഷൻ സൈറ്റുകൾക്കും റോഡ് നിർമ്മാണ മേഖലയ്ക്കും പ്രത്യേകം പരിഗണന നൽകിക്കൊണ്ട് ദൈനംദിന പരിശോധന നിശ്ചയമായും നടത്തേണ്ടതും ഇതിനായി എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ/ഡെപ്യൂട്ടി ലേബർ ഓഫീസർ**

/അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 എന്നിവരുടെ നേതൃത്വത്തിൽ മൂന്ന് ടീമുകൾ രൂപീകരിക്കുകയും ടീമുകൾ രൂപീകരിച്ചുകൊണ്ടുള്ള പൂർണ്ണവിവരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനായി അതത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ടി ടീമുകൾ ടി മേഖലകളിൽ എല്ലാ ദിവസവും പരിശോധന നടത്തി ദൈനംദിന റിപ്പോർട്ട് ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ ലഭ്യമാക്കേണ്ടതാണ്.

Safna Nazarudeen
LABOUR COMMISSIONEI

പകർപ്പ് :

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. പബ്ലിസിറ്റി ഓഫീസർ
6. ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് (എൻഫോഴ്സ്മെന്റ്)